# Malayala Manorama

## 28 August 2018

## Thiruvananthapuram, After Flood, Experts from NCESS

# പ്രളയം പഠിക്കാൻ വിദഗ്ധർ

**നാഷനൽ സെന്റർ ഫോർ എർത്ത് സയൻസ് സ്റ്റഡീസ് എത്തുന്നു**

**മനോരമ ലേഖകൻ**

**തിരുവനന്തപുരം●** പ്രളയക്കെടുതിയെക്കുറിച്ചു വിശദമായ പഠനം നടത്താൻ നാഷനൽ സെന്റർ ഫോർ എർത്ത് സയൻസ് സ്റ്റഡീസ് (എൻസിഇഎസ്എസ്). ഡാമുകൾ തുറന്നു വിട്ടതു മൂലമുണ്ടായ പ്രത്യാഘാതങ്ങളെക്കുറിച്ചാവും പ്രധാനമായും പഠനം. മുൻപ് മഴയ്ക്ക് ആനുപാതികമായി വെള്ളപ്പൊക്കമുണ്ടാകാനുള്ള സാധ്യതകളെക്കുറിച്ച് സെന്റർ പഠനം നടത്തിയിരുന്നു. ഈ വിവരങ്ങൾക്കൊപ്പം ഡാമുകളിലെ വെള്ളത്തിന്റെ അളവു കൂടി പരിഗണിച്ചാണ് പഠനം. ഇതിനായി 10 പേരടങ്ങുന്ന സംഘത്തെ ഉടൻ നിയമിക്കും.

സംഘം കേരളത്തിലുടനീളം സഞ്ചരിച്ച് വിവരങ്ങൾ ശേഖരിക്കും.

കനത്ത മഴയും ഡാമിൽനിന്ന് അപ്രതീക്ഷിതമായി എത്തിയ വലിയ അളവിലുള്ള വെള്ളവുമാണ് പ്രളയത്തിനു കാരണമായതെന്നാണു പ്രാഥമിക നിഗമനം. ആറ് ആഴ്ചയ്ക്കുള്ളിൽ സർക്കാരിനു റിപ്പോർട്ട് നൽകും.

പ്രളയദുരന്തത്തെക്കുറിച്ചു രാജീവ് ഗാന്ധി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഡവലപ്മെന്റ് സ്റ്റഡീസും (ആർജിഐഡിഎസ്) ശാസ്ത്രീയ പഠനം നടത്തും. മൈക്കിൾ വേദശിരോമണിയുടെ നേതൃത്വത്തിൽ പ്രത്യേക സമിതിക്കു രൂപം നൽകിയതായി ആർജിഐഡിഎസ് ഡയറക്ടർ ബി.എസ്.ഷിജു അറിയിച്ചു.

ജൈവ വൈവിധ്യ ബോർഡ് മുൻചെയർമാൻ ഉമ്മൻ വി.ഉമ്മൻ, ദേശീയ ഭൂമിശാസ്ത്ര പഠന കേന്ദ്രത്തിലെ ശാസ്ത്രജ്ഞനായിരുന്ന ജോൺ മത്തായി, കെഎസ്ഇബി മുൻ ഡയറക്ടർ മുഹമ്മദ് അലി റാവുത്തർ, ജലസേചന വകുപ്പിലെ മുൻ ഡപ്യൂട്ടി ചീഫ് എൻജിനീയർ തോമസ് വർഗീസ് എന്നിവരാണ് അംഗങ്ങൾ. ഒരാഴ്ചയ്ക്കുള്ളിൽ ഇടക്കാല റിപ്പോർട്ടും ഒരു മാസത്തിനുള്ളിൽ സമഗ്ര റിപ്പോർട്ടും സമർപ്പിക്കും.

റിപ്പോർട്ട് ലഭിച്ചാലുടൻ തിരുവനന്തപുരം, കൊച്ചി, കോഴിക്കോട് എന്നിവിടങ്ങളിലായി മൂന്നു സെമിനാറുകൾ സംഘടിപ്പിക്കുമെന്ന് ആർജിഐഡിഎസ് ഡയറക്ടർ അറിയിച്ചു.